സഹകാര്യ ചിട്ടി സ്ഥാപനങ്ങൾ

127 [2737] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചിട്ടി സ്ഥാപനങ്ങളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടുന്നതിന് നിലവിൽ അധികാരമുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ചിട്ടി സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികളിൽ ഏതെല്ലാം കാര്യങ്ങളിൽ ഇടപെടാൻ അധികാരമുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഈ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാരിന് പൂർണ്ണമായ അധികാരങ്ങളില്ലെങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) 1975-ലെ കേരള ചിട്ടി നിയമം പ്രകാരം നിലവിൽ അധികാരമില്ല.

(സി) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ചിട്ടി നടത്തിവരുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് 1975-ലെ കേരള ചിട്ടി നിയമത്തിലെ 4-ാം വകുപ്പിന് 2002-ലെ ഫിനാൻസ് ആക്ട് പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. ഈ ഭേദഗതി ചോദ്യം ചെയ്തുകൊണ്ട് ചിട്ടി തലയാളൻമാർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ തള്ളിക്കളഞ്ഞുകൊണ്ട് ഭേദഗതിക്കനുകൂലമായി ഹൈക്കോടതി 18-12-2003-ൽ വിധി പ്രസ്താവിച്ചു. ഇതിനെതിരെ ചിട്ടി തലയാളൻമാർ 500/04 തുടങ്ങി നിരവധി റിട്ട് അപ്പീലുകൾ ബഹു. കേരള ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ച് മുമ്പാകെ ഫയൽ ചെയ്യുകയും 31-5-2005-ൽ അപ്പീൽ അനുവദിച്ചുകൊണ്ടും സിംഗിൾ ബഞ്ചിന്റെ വിധി തള്ളിക്കളഞ്ഞുകൊണ്ടും ഡിവിഷൻ ബഞ്ച് ഉത്തരവായി. ഈ വിധിക്കെതിരെ അപ്പീലിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

പാനൂർ സബ് രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

128 [2738] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ പാനൂരിൽ സബ് രജിസ്ട്രാർ ഓഫീസിൽ ക്ലാർക്കുമാരുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly